# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2595**      **06/12/2018-ൽ മറുപടിയ്ക്ക്**

### സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്കിലെ ഓഡിറ്റ് പരിശോധന

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.കെ.എൻ.എ ഖാദർ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്കിൽ സഹകരണ വകുപ്പ് നടത്തിയ ഓഡിറ്റ് പരിശോധനയിൽ അനുമതി യില്ലാതെ തുക ചെലവഴിച്ചതായി കണ്ടെത്തിയിട്ടുണ്ടോ, ഇതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് 2017-2018 ഓഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം സ്റ്റാഫ് റിട്ടയർമെന്റ് ബെനിഫിറ്റ് ഫണ്ട് ചട്ടങ്ങൾക്ക് വിരുദ്ധമായി തുകകൾ ചെലവഴിച്ചതായും അംഗങ്ങൾക്ക് നിയമവിരുദ്ധ മായി ഉപഹാരങ്ങൾ നൽകിയതായുമുള്ള ഗുരുതരമായ ക്രമക്കേടുകൾ നടന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേരള സഹകരണ നിയമത്തിലെ 32ാം വകുപ്പ് പ്രകാരം ബാങ്ക് ഭരണസമിതിയെ സഹകരണ സംഘം രജിസ്ട്രാർ 2 മാസത്തേക്ക് സസ്പെൻഡ് ചെയ്ത് ഭരണ നിർവ്വഹണത്തിനായി അഡ്മിനിസ്ട്രേറ്ററെ നിയമിച്ചിട്ടുള്ളതുമാണ്. ഈ വിഷയങ്ങൾ ഉൾപ്പെടെയുള്ളവയിൽ തുടർ അന്വേഷണം നടന്നുവരികയാണ്. |
| (ബി) | കാർഷിക വായ്പയ്ക്ക് 13% വരെ പലിശ ഈടാക്കുകയും അതേ സമയം ജീവനക്കാർക്ക് ഭീമമായ തുക ശമ്പളവും മറ്റ് അധിക ആനുകൂല്യങ്ങളുമായി നൽകുകയും | (ബി) | 8.5% മുതൽ 12.5%വരെ നബാർഡ് മുഖാന്തിരം വിതരണം ചെയ്യുന്ന വിവിധ കാർഷിക വായ്പകൾക്ക് പലിശ ഈടാക്കി വരുന്നു. കുറഞ്ഞ പലിശ നിരക്കിൽ ലോൺ അനുവദിക്കുന്ന സാഹചര്യം പരിശോധിക്കുന്നതാണ്. ജീവനക്കാർക്ക് ഭീമമായ |

| | | | |
|---|---|---|---|
| | ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കർഷകർക്ക് കുറഞ്ഞ നിരക്കിൽ വായ്പ നൽകാൻ നടപടിയുണ്ടാകുമോ; | | തുക മറ്റ് അധിക ആനുകൂല്യങ്ങളായി നൽകുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത ബാങ്കിലെ നിയമനങ്ങൾ പി.എസ്.സി ക്ക് വിട്ടിട്ടുണ്ടോ , ഇല്ലെങ്കിൽ കാരണമറിയിക്കാമോ? | (സി) | നിയമനങ്ങൾ പി.എസ്.സി. ക്ക് വിട്ടിട്ടുണ്ട്. കരട് നിയമന ചട്ടങ്ങൾ അംഗീകരിച്ച് പി.എസ്.സി. യുടെ അന്തിമ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ